शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**A** **303**

# വാർഷിക മൂല്യനിർണയം 2016–17

## ഗണിതം

സ്റ്റാൻഡേർഡ് – 3 സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര് ..........................................

വിദ്യാലയത്തിന്റെ പേര് ..........................................

ഡിവിഷൻ ..........................................

രക്ഷിതാവിന്റെ ഒപ്പ് ..........................................

അധ്യാപകന്റെ ഒപ്പ് ..........................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1a | കായികമേള | |
| 1b | വെളിച്ചെണ്ണക്കണക്ക് | |
| 2 | പുസ്തകങ്ങളെത്ര? | |
| 3 | ഭാരമുള്ള ബാഗ് | |
| 4 | സമ്മാനം നേടാം | |
| 5 | യാത്രാ രീതികൾ | |
| | ഓവറോൾ ഗ്രേഡ് | |

**പ്രവർത്തനം 1 കായികമേള**

**"അത്യന്തം ആവേശകരമായ 'ലോംഗ് ജംബ്' മത്സരത്തിന്റെ ഫൈനൽ റൗണ്ടാണ് ഇപ്പോൾ നടക്കുന്നത്. ഇതിലേക്ക് മുന്ന, നിഷ, സിനു എന്നിവർ മാത്രമാണ് യോഗ്യത നേടിയിരിക്കുന്നത്. ആദ്യമായി ചാടുന്നത് മുന്നയാണ്.അതാ ....!! മുന്ന**



**109 സെ.മീ ചാടിയിരിക്കുന്നു.രണ്ടാമത് ചാടിയ സിനു മുന്നയേക്കാൾ 10 സെ.മീ കുറവാണ് ചാടിയത്..!! ആ.... അവസാനം നിഷയും ചാടിയിരിക്കുന്നു. നിഷ സിനുവിനേക്കാൾ 12 സെ. മീ. അധികം ദൂരമാണ് ചാടിയത്. ഈ മത്സരത്തിന്റെ വിജയിയെ ഉടൻ പ്രഖ്യാപിക്കുന്നതാണ്......"**

ഈ അനൗൺസ്മെന്റ് നിങ്ങളും ശ്രദ്ധിച്ചുവല്ലോ!!

1. ഇതിൽ ഒന്നാം സ്ഥാനത്ത് എത്തിയതാര് ?
   ആ കുട്ടി ചാടിയ ദൂരം എത്ര ?

2. രണ്ടാം സ്ഥാനത്ത് എത്തിയതാര് ?
   എത്ര ദൂരം ചാടി ?

**പ്രവർത്തനം 1.ബി. വെളിച്ചെണ്ണക്കണക്ക്**

ഗോപാലേട്ടന്റെ കടയിൽ നിന്നും ഒരു ദിവസം വിറ്റ വെളിച്ചെണ്ണയുടെ കണക്കാണ് താഴെ കൊടുത്തിരിക്കുന്നത്.

ആകെ ഉണ്ടായിരുന്ന വെളിച്ചെണ്ണ 10 ലിറ്ററാണ്.

അതിൽ നിന്നും :-

ആമിന വാങ്ങിയത് 1 ലി. 750 മി.ലി.

സുരേഷ് വാങ്ങിയത് 350 മി.ലി.

ജാനകി വാങ്ങിയത് 2 ലി, 500 മി.ലി. എന്നിങ്ങനെയാണ്.

**എങ്കിൽ കടയിൽ ഇനി എത്ര ലിറ്റർ വെളിച്ചെണ്ണ ബാക്കിയുണ്ട് ?**

ഈ പ്രശ്നത്തിന് നിങ്ങൾ എങ്ങനെയാണ് ഉത്തരം കണ്ടെത്തുക. വിശദമായ വഴി താഴെ എഴുതൂ.

പ്രശ്നത്തിന്റെ ഉത്തരം കണ്ടെത്തുക.

**പ്രവർത്തനം 2**

**പുസ്തകങ്ങളെത്ര?**

പുതുമല പഞ്ചായത്തിലെ 8 എൽ.പി. സ്കൂളുകൾക്കും 3 യു.പി. സ്കൂളുകൾക്കും കൂടി ശ്രുതി ക്ലബ്ബുകാർ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്ത വിധം താഴെ കൊടുക്കുന്നു.

| ഇനം | എൽ.പി. സ്കൂളുകൾക്ക് | യു.പി. സ്കൂളുകൾക്ക് |
|---|---|---|
| കഥാ പുസ്തകങ്ങൾ | 72 | 36 |
| കവിതകൾ | 32 | 27 |
| ചരിത്ര പുസ്തകങ്ങൾ | 16 | 24 |
| ശാസ്ത്ര പുസ്തകങ്ങൾ | 48 | 21 |

**ഓരോ എൽ.പി. സ്കൂളിനും കിട്ടിയ കഥാപുസ്തകങ്ങളുടെ എണ്ണം**

**ഓരോ യു.പി. സ്കൂളിനും കിട്ടിയ കവിതാ പുസ്തകങ്ങളുടെ എണ്ണം**

**ഒരു എൽ.പി.യ്ക്കും ഒരു യു.പി.യ്ക്കും കൂടി ലഭിച്ച ശാസ്ത്ര പുസ്തകങ്ങൾ എത്ര ?**

**പ്രവർത്തനം 3**

**ഭാരമുള്ള ബാഗ്**

മഞ്ചാടി ജി.യു.പി.എസ്.-ലെ 3-ാം ക്ലാസുകാർ ആ സ്കൂളിലെ 1-ാം ക്ലാസുകാരിൽ ആരാണ് കൂടുതൽ ഭാരമുള്ള ബാഗ് ചുമക്കുന്നത് എന്ന് കണ്ടെത്തുന്നതിനുള്ള പ്രവർത്തനത്തിലാണ്. അവർ തൂക്കി നോക്കി രേഖപ്പെടുത്തിയതിൽ 4 പേരുടെ ബാഗിന്റെയും പുസ്തകത്തിന്റെയും ഭാരങ്ങൾ കണ്ടല്ലോ. ഇവരിൽ ആരാണ് കൂടുതൽ ഭാരം ചുമക്കുന്നത്?



വിപിൻ

| | |
|---|---|
| ബാഗ് | - 435 ഗ്രാം |
| പുസ്തകങ്ങൾ | - 664 ഗ്രാം |
| ഗ്രാമിൽ | : |
| കി.ഗ്രാമിൽ | : |



ധനുഷ

| | |
|---|---|
| ബാഗ് | - 764 ഗ്രാം |
| പുസ്തകങ്ങൾ | - 310 ഗ്രാം |
| ഗ്രാമിൽ | : |
| കി.ഗ്രാമിൽ | : |



മനു

| | |
|---|---|
| ബാഗ് | - 920 ഗ്രാം |
| പുസ്തകങ്ങൾ | - 545 ഗ്രാം |
| ഗ്രാമിൽ | : |
| കി.ഗ്രാമിൽ | : |



ചിത്ര

| | |
|---|---|
| ബാഗ് | - 486 ഗ്രാം |
| പുസ്തകങ്ങൾ | - 525 ഗ്രാം |
| ഗ്രാമിൽ | : |
| കി.ഗ്രാമിൽ | : |

**പ്രവർത്തനം 4 -സമ്മാനം നേടാം !!**

ധന്യാ സ്റ്റോഴ്സിലെ വിലവിവര പട്ടികയാണ് ചുവടെ ചേർത്തിരിക്കുന്നത്.

| **ധന്യാസ്റ്റോഴ്സ് മൂരിക്കിൻ കാവ്** | |
|---|---|
| **ഇന്നത്തെ വില** | |
| *ഇനം* | *വില* |
| അരി | 35.00 |
| ചെറുപയർ | 80.00 |
| ഉഴുന്ന് | 140.00 |
| കടുക് | 80.00 |
| വൻപയർ | 65.00 |
| കടല | 46.00 |
| പഞ്ചസാര | 40.00 |
| ഉപ്പ് | 10.00 |

500 രൂപയ്ക്ക് മുകളിൽ സാധനം
വാങ്ങിയാൽ ഒരു പാക്കറ്റ്
പായസക്കൂട്ട് സമ്മാനം!!

അരുൺ ഈ കടയിൽ നിന്നും 8 കി.ഗ്രാം., അരി 1 കിലോ 500 ഗ്രാം പഞ്ചസാര, 500 ഗ്രാം. ഉഴുന്ന്, 250 ഗ്രാം കടുക്, 1കി.ഗ്രാം. ഉപ്പ് എന്നിവ വാങ്ങി. എങ്കിൽ


1. അരുണിന് പായസക്കൂട്ട് സമ്മാനമായി ലഭിക്കുമോ? എന്തുകൊണ്ട് ?

2 ഇല്ലെങ്കിൽ സമ്മാനം ലഭിക്കുന്നതിന് വേണ്ടി എത്ര രൂപയ്ക്ക് കൂടി സാധനം വാങ്ങണം? ഏത് സാധനം വാങ്ങണം ?

3. അരുൺ വാങ്ങിയ സാധനങ്ങളുടെ ആകെ ഭാരമെത്ര ?

## പ്രവർത്തനം 5 - യാത്രാരീതി

മഞ്ചാടി ജി.യു.പി.എസ്.-ൽ 3-ാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്കൂളിലെത്തിച്ചേരുന്ന വ്യത്യസ്ത രീതികളാണ് ചുവടെ ചിത്രത്തിൽ കാണിച്ചിരിക്കുന്നത്.



ഏറ്റവും കൂടുതൽ കുട്ടികൾ സ്കൂളിലെത്തുന്നത് എങ്ങനെ?

നടന്നുവരുന്നവരാണോ? സൈക്കിളിൽ വരുന്നവരാണോ കൂടുതൽ?

എത്ര കൂടുതൽ?

ആ ക്ലാസിൽ ആകെ എത്ര കുട്ടികളുണ്ട്?

ഈ പട്ടികയെ അടിസ്ഥാനമാക്കി കൂട്ടുകാരോടു ചോദിക്കാനുള്ള ഒരു ചോദ്യം തയാറാക്കുക.